## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3578

10.04.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷവിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള തൊഴിൽ, വിദ്യാഭ്യാസ സഹായങ്ങൾ

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസ കാര്യങ്ങൾക്കും തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സഹായങ്ങൾ ഓരോന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും

1. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ ന്യൂനപക്ഷ മുസ്ലീം വിദ്യാർത്ഥിനികൾക്കായി നടപ്പാക്കി വരുന്ന വിദ്യാഭ്യാസ സഹായ പദ്ധതിയാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്. ബിരുദ പഠനത്തിന് 3000 പേർക്ക് 4000 രൂപ വീതവും ബിരുദാനന്തര പഠനത്തിന് 1000 പേർക്ക് 5000 രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 പേർക്ക് 6000 രൂപ വീതം സ്കോളർഷിപ്പും, ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് പ്രതി വർഷം 12000 രൂപ വീതവും നൽകി വരുന്നു. 20% സ്കോളർഷിപ്പ് ലത്തീൻ/ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും നൽകി വരുന്നു. കേരളത്തിൽ സ്ഥിര താമസമാക്കി കേരളത്തിലെ സ്ഥാപനത്തിൽ പഠിക്കുന്ന മുസ്ലീം, ലത്തീൻ, പരിവർത്തിത ക്രിസ്ത്യൻ വിദ്യാർത്ഥിനികളായിരിക്കണം. യോഗ്യതാ പരീക്ഷയിൽ 50% -ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയായിരിക്കണം. ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കുന്നവർ അംഗീകൃത ഹോസ്റ്റലിലായിരിക്കണം താമസം.
2. എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളായ അംഗീകൃത വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം സംരംഭക പദ്ധതികൾക്ക് പദ്ധതി ചെലവിന്റെ പകുതിയോ, രണ്ടര ലക്ഷം രൂപയോ ഏതാണ് കുറവ് അത് സാമ്പത്തിക സഹായമായി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. പ്രോജക്ടുകൾ കൃഷി, സേവനം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ നിന്നുമാവാം. പ്രവർത്തന മേഖലകൾക്കതീതമായി ന്യൂനപക്ഷ വനിതകൾ അംഗങ്ങളായ സ്വയം സഹായ സംഘങ്ങൾക്ക് സ്ഥിരവരുമാന സാധ്യതയുള്ള പദ്ധതികളാണ് പരിഗണിക്കുന്നത്.

സെക്ഷൻ ഓഫീസർ